# നാമോൽപത്തി

ഇസ്‌ലാം എന്ന പേര്, മറ്റു മതങ്ങളുടേത് പോലെ, ഏതെങ്കിലും വ്യക്തിയുമായോ ദേശവുമായോ സമുദായവുമായോ ബന്ധപ്പെട്ടതല്ല. യേശുക്രിസ്തു സ്ഥാപിച്ച മതം എന്ന സങ്കല്പത്തെ ആധാരമാക്കിയാണല്ലോ ക്രിസ്തുമതം ആ പേരിൽ അറിയപ്പെടുന്നത്. അതുപോലെ ബുദ്ധൻ സ്ഥാപിച്ച മതം ബുദ്ധമതം എന്നും ഹിന്ദുസ്താനിൽ പ്രചരിച്ച മതം ഹിന്ദുമതം എന്നും ജൂതവംശത്തിന്റെ മതം ജൂതമതം എന്നും അറിയപ്പെടുന്നു. എന്നാൽ ഇസ്‌ലാം എന്ന പേര് അവ്വിധം ഉണ്ടായതല്ല. കാരണം, ഏതെങ്കിലും വ്യക്തിയോ വംശമോ ആവിഷ്കരിച്ച മതമല്ല ഇസ്‌ലാം. ഏതെങ്കിലും സമുദായത്തിനോ ഭൂപ്രദേശത്തിനോ വേണ്ടി ആവിഷ്കരിക്കപ്പെട്ടതുമല്ല. അല്ലാഹുവാണ് അതിന്റെ ആവിഷ്കർത്താവ്. മനുഷ്യ വംശത്തിനാകമാനം, അല്ല, സൃഷ്ടിപ്രപഞ്ചത്തിനാകമാനം തന്നെയുള്ള മതമാണത്. ഇസ്‌ലാം എന്ന പേര് ഈ ആശയങ്ങളെയെല്ലാം പ്രതിനിധീകരിക്കുന്നതാണ്.

സ-ല-മ എന്നീ ധാതുക്കളിൽനിന്ന് നിഷ്പാദിതമായ അറബി പദമാകുന്നു ഇസ്‌ലാം. ഈ ധാതുവിൽനിന്ന് രൂപംകൊണ്ട പദങ്ങൾക്ക് പുരാതന അറബി ഭാഷാ വിശാരദന്മാർ നല്കിയിട്ടുള്ള അർഥം *ലിസാനുൽ അറബ്, അൽമുഫ്റദാത്, അൽഇശ്തിഖാഖ്* തുടങ്ങിയ ആധികാരിക നിഘണ്ടുക്കൾ ഉദ്ധരിക്കുന്നതിങ്ങനെയാണ്: 1. രക്ഷ, സമാധാനം. 2. സമ്മതം, സമർപ്പണം, അനുസരണം, വിധേയത്വം. 3. സന്ധി, അനുരഞ്ജനം, പരസ്പര ധാരണ. 4. പരോക്ഷവും പ്രകടവുമായ എല്ലാ ന്യൂനതകളിൽനിന്നുമുള്ള മുക്തി.

ഇപ്പറഞ്ഞ അർഥങ്ങളിലെല്ലാം വിശുദ്ധ ഖുർആൻ സ-ല-മ യിൽനിന്ന് തദ്ഭവിച്ച പദങ്ങൾ ഉപയോഗിച്ചതായി കാണാം. ഉദാ. 1. സൽമ്: ഫലാതഹിനൂ വതദ്ഊ ഇലസ്സൽമി (നിങ്ങൾ ദുർബലരായി സമാധാനത്തിന് [രക്ഷയ്ക്ക്] അപേക്ഷിക്കരുത്.) (മുഹമ്മദ് 35). വഇൻ ജനഹൂ ലിസ്സൽമി ഫജ്നഹ് ലഹാ (അവർ സമാധാനത്തിന് [സന്ധിക്ക്] താൽപര്യപ്പെട്ടാൽ നീയും അതിന് തൽപരനാകണം.) (അൽഅൻഫാൽ 61)

2. മുസ്തസ്‌ലിം: ബൽ ഹുമുൽ യൗമ മുസ്തസ്‌ലിമൂൻ (അല്ല, ഇന്ന് അവർ കീഴടങ്ങിയവർ [സമർപ്പിതർ] ആകുന്നു.) (അസ്സ്വാഫ്ഫാത് 26) 3. അസ്‌ലമ: അസ്‌ലംതു ലി റബ്ബിൽ ആലമീൻ (ഞാൻ സർവലോക നാഥനായ അല്ലാഹുവിന് അനുസരിക്കുന്നവൻ [വിധേയൻ] ആയിരിക്കുന്നു) (അൽബഖറഃ 131). 4. മുസല്ലമത്: മുസല്ലമതുൻ ലാ ശിയത ഫീഹാ (ന്യൂനതകളിൽനിന്നു മുക്തമായത്, കലകളില്ലാത്തത്) (അൽബഖറഃ 71).

5. സലീം: ഇല്ലാ മൻ അതല്ലാഹ ബി ഖൽബിൻ സലീം (നിഷ്കളങ്കമായ മനസ്സുമായി അല്ലാഹുവിങ്കൽ ഹാജരായവനൊഴിച്ച്) (അശ്ശുഅറാ 89).

*ബുഖാരി* ഉദ്ധരിച്ച ഒരു ഹദീഥിൽ മുസ്‌ലിമിനെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്: അൽമുസ്‌ലിമു മൻ സലിമൽ മുസ്‌ലിമൂന മിൻ ലിസാനിഹി വയദിഹി (ആരുടെ നാവിൽനിന്നും കരത്തിൽനിന്നും മുസ്‌ലിംകൾ സുരക്ഷിതരായോ അവനാകുന്നു മുസ്‌ലിം.) മുസ്‌ലിംകളുടെ അഭിവാദന വചനം 'അസ്സലാമു അലൈകും' എന്നാണ്. 'അല്ലാഹുവിന്റെ രക്ഷയും സമാധാനവും നിങ്ങളിൽ ഭവിക്കട്ടെ' എന്നാണതിനർഥം. 'അസ്സലാം' അല്ലാഹുവിന്റെ നാമമായും ഉപയോഗിക്കാറുണ്ട്. പരോക്ഷവും പ്രത്യക്ഷവുമായ എല്ലാ ന്യൂനതകളിൽനിന്നും മുക്തനായവൻ എന്ന അർഥത്തിലാണത്. ഇസ്‌ലാം മതം 'ഇസ്‌ലാം' എന്നു നാമകരണം ചെയ്യപ്പെട്ടതിൽ ഉപരിസൂചിതമായ എല്ലാ അർഥങ്ങളും പരിഗണിക്കപ്പെട്ടിരിക്കുന്നു. അവ താഴെ പറയും പ്രകാരമാണ്:

1. അല്ലാഹു സകല വിധ ന്യൂനതകളിൽനിന്നും ബഹുത്വത്തിൽനിന്നും പങ്കാളിത്തങ്ങളിൽനിന്നും പരിശുദ്ധനാണ് എന്ന വിശ്വാസവും, ആ വിശ്വാസത്തിലധിഷ്ഠിതമായി, സൃഷ്ടികളെ അസത്യം, അക്രമം, അനീതി തുടങ്ങിയ ആന്തരികവും ബാഹ്യവുമായ എല്ലാ മാലിന്യങ്ങളിൽനിന്നും ശുദ്ധീകരിക്കുന്ന ധർമ വ്യവസ്ഥയും ഉൾക്കൊള്ളുന്ന മതമാണത്.

2. മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രപഞ്ചവും തമ്മിലും അനുരഞ്ജനമുണ്ടാക്കുകയും സമരസപ്പെടുത്തുകയും ചെയ്യുന്ന തത്ത്വശാസ്ത്രമാണ്.

3. മനുഷ്യന്ന് ഐഹികവും പാരത്രികവുമായ രക്ഷയും സമാധാനവും പ്രദാനം ചെയ്യുന്ന പ്രത്യയശാസ്ത്രമാണ്.

4. ദൈവത്തിനുള്ള സൃഷ്ടികളുടെ വിധേയത്വത്തിന്റെയും അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും മതമാണ്.